പ്രസ്സ് റിലീസ് ജൂൺ 14, 2013

# സന്നദ്ധ രക്തദാനം നൂറ് ശതമാനമാക്കുക ലക്ഷ്യം : മന്ത്രി വി.എസ്. ശിവകുമാർ

കേരളത്തിലെ സന്നദ്ധ രക്തദാനനിരക്ക് മൂന്ന് വർഷത്തിനകം നൂറ് ശതമാനമാക്കുകയാണ് ലക്ഷ്യമെന്നും അതിനായി സംസ്ഥാനത്തെ എല്ലാ യുവതീ-യുവാക്കളും മുന്നോട്ടുവരണമെന്നും ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ഉദ്ബോധിപ്പിച്ചു. അപകടങ്ങൾ, രോഗങ്ങൾ, ശസ്ത്രക്രിയകൾ, പ്രസവങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് ഒരു വർഷം നാല് ലക്ഷത്തോളം യൂണിറ്റ് രക്തമോ രക്തഘടകങ്ങളോ കേരളത്തിൽ ആവശ്യമായി വരുന്നുണ്ടെന്നും എന്നാൽ മൂന്ന് ലക്ഷത്തോളം യൂണിറ്റ് മാത്രമാണ് സന്നദ്ധ രക്തദാതാക്കളിൽ നിന്നും ലഭിക്കുന്നതെന്നും അതിനാൽ സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി. ലോക രക്തദാതാദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജിൽ നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രതിഫലേച്ഛയില്ലാതെ കൃത്യമായ ഇടവേളകളിൽ രക്തം ദാനം ചെയ്യുന്നതിലൂടെ മാത്രമേ രക്തത്തിന്റെ ലഭ്യതയും സുരക്ഷിതത്വവും ഉറപ്പാക്കാൻ സാധിക്കുകയുള്ളു. 18 വയസ്സ് പൂർത്തിയായ, ആരോഗ്യമുള്ള ഏതൊരാൾക്കും മൂന്ന് മാസം കൂടുമ്പോൾ രക്തദാനം നിർവ്വഹിക്കാം. യുവജനങ്ങൾക്കിടയിൽ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി "ക്ലബ്ബ് 25" എന്ന പദ്ധതി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചതായും മന്ത്രി അറിയിച്ചു. 18 വയസ്സിൽ രക്തദാനം ആരംഭിച്ച് 25 വയസ്സാകുമ്പോൾ 25 പ്രാവശ്യംവരെ രക്തദാനം ചെയ്യുക എന്ന ആശയമാണ് "ക്ലബ്ബ് 25" ൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. യുവാക്കളിൽ ആരോഗ്യകരമായ ജീവിതശൈലി വളർത്തിയെടുക്കാൻ മാത്രമല്ല; ഹൃദ്രോഗങ്ങൾ, തലച്ചോറിലെ രക്തസ്രാവം, കൊളസ്ട്രോൾ മുതലായവ നിയന്ത്രിക്കുന്നതിനും രക്തദാനം സഹായകമാകും.

രക്തപരിശോധനയിലൂടെ, എച്ച്.ഐ.വി അണുബാധ സ്ഥിരീകരിക്കുന്നതിനുള്ള കുറഞ്ഞ കാലയളവായ "വിൻഡോ പിരീഡ് " നിലവിൽ 15 മുതൽ 18 വരെ ദിവസങ്ങളാണ്. ഇത് 5 മുതൽ 10 വരെ ദിവസങ്ങളാക്കി കുറയ്ക്കാൻ ഉപകരിക്കുന്ന നൂതന രോഗനിർണ്ണയ സംവിധാനമായ ന്യൂക്ലിക് ആസിഡ് ടെസ്റ്റിംഗ് (NAT) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ആരോഗ്യവകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയോട് മന്ത്രി ആവശ്യപ്പെട്ടു.

സമ്മേളനത്തിൽ മേയർ കെ. ചന്ദ്രിക അധ്യക്ഷത വഹിച്ചു. നടൻ സുരേഷ് ഗോപി രക്തദാനം നടത്തിയശേഷം, വർഷങ്ങളായി സന്നദ്ധ രക്തദാനം നടത്തിവരുന്നവരെ ആദരിച്ചു. 78 തവണ രക്തദാനം നടത്തിയ ടി.എം. കുര്യൻ (ആലപ്പുഴ), 60 തവണ രക്തം നൽകിയ സലിംകുട്ടി (ഇടുക്കി), അബ്ദുൾ അസീസ് (മലപ്പുറം), 50 തവണ രക്തം ദാനം ചെയ്ത ഷാജുദ്ദീൻ (തിരുവനന്തപുരം), ജയകുമാർ (തിരുവനന്തപുരം), രതീഷ്കുമാർ (44 തവണ, കാസർഗോഡ്), നൗഷാദ് ബേക്കൽ (36 തവണ, കണ്ണൂർ), കെ. സന്തോഷ് (33 തവണ, കണ്ണൂർ), റിച്ച്സൺ റിച്ചാർഡ് (25 തവണ, കോട്ടയം) മുതലായവരെയാണ് ആദരിച്ചത്. ഏറ്റവും കൂടുതൽ സന്നദ്ധ രക്തദാതാക്കളുള്ള തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ബ്ലഡ് ബാങ്കിനും കൂടുതൽ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ച വിമൻസ് കോളേജിനുള്ള പുരസ്കാരം തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജിനും മികച്ച മെഡിക്കൽ ഓഫീസർക്കുള്ള പുരസ്കാരം തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ രക്തബാങ്കിലെ ഡോ. മേരി അലോഷ്യസിനും, ഏറ്റവും കൂടുതൽ ക്യാമ്പുകൾ സംഘടിപ്പിച്ച വ്യക്തിക്കുള്ള പുരസ്കാരം പെരിന്തൽമണ്ണ താലൂക്കാശുപത്രിയിലെ രക്തബാങ്ക് സൂപ്പർവൈസർ അസ്കർ അലിക്കും സമ്മാനിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന ക്യാമ്പിൽ, ആൾസെയിന്റ്സ് കോളേജിലെ 40 വിദ്യാർത്ഥിനികൾ സന്നദ്ധ രക്തദാനം നടത്തി. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ, ജോയിന്റ് ഡയറക്ടർ ഡോ. എ. രഘു, കൺസൾട്ടന്റ് എൻ. വേണുഗോപാൽ, ഡി.എം.ഒ ഡോ. പി.ഡി. രേണുക, ആൾസെയിന്റ്സ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. സൂസൻ ലോപ്പസ്, കോളേജിലെ റെഡ് റിബൺ ക്ലബ്ബ് പ്രോഗ്രാം ഓഫീസർ ഡോ. ജെ.കെ. രേഷ്മ എന്നിവർ പ്രസംഗിച്ചു.

ആരോഗ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി
(9946 105965)